LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രി ഭവന പദ്ധതി പ്രകാരം ബെനിഫിഷ്യറി എത്ര രൂപ അടയ്ക്കണം;

(ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്തു തുക മൈത്രി ഭവന പദ്ധതി പ്രകാരം ബെനിഫിഷ്യറിക്ക് നൽകും;

(സി) ബെനിഫിഷ്യറിക്ക് ഭവന നിർമ്മാണ ബോർഡ് നൽകുന്ന തുക തിരിച്ചടയ്ക്കേണ്ടതുണ്ടോ:

(ഡി) ഇല്ലെങ്കിൽ ഇത് എപ്രകാരം മുതലാക്കാമെന്നാണ് പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നത്;

(ഇ) ബെനിഫിഷ്യറി അടയ്ക്കുന്ന തുക ഫിക്സഡ് ഡെപ്പോസിറ്റ് ഇട്ട് ബോർഡ് നൽകുന്ന തുക ഈടാക്കണമെന്ന് ഈ പദ്ധതിയിൽ വിഭാവന ചെയ്യുന്നുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ ബെനിഫിഷ്യറിമാർ അടച്ച തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 254 രൂപ പ്രതിമാസം അടയ്ക്കണം. എല്ലാ മാസവും 10-ാം തീയതിക്ക് മുൻപ് അടയ്ക്കുകയാണെങ്കിൽ 8.5% പലിശ സബ്സിഡി കഴിച്ച് 158 രൂപ അടച്ചാൽ മതി.

(ബി) ബോർഡ് മൈത്രി പദ്ധതി പ്രകാരം 28000 രൂപ നിർമ്മാണ പുരോഗതി അനുസരിച്ച് മൂന്നു ഗഡുക്കളായി നൽകുന്നതാണ് ഇതിൽ 19000 രൂപ വായ്പയും 9000/- രൂപ സർക്കാർ സബ്സിഡിയുമാണ്.

(സി) വായ്പ തുകയായ 19000/- രൂപ തുല്യമാസ ഗഡുക്കളായി 168 മാസം കൊണ്ട് തിരിച്ചടക്കേണ്ടതാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ)&(എഫ്) മൈത്രി നിക്ഷേപ പദ്ധതി പ്രകാരം ഗുണഭോക്താവ് ഒന്നിന് 12500/- രൂപ നിരക്കിൽ ബോർഡിൽ സ്പോൺസർ മുഖേനയോ, ഗുണഭോക്താവ് നേരിട്ടോ നിക്ഷേപിക്കുകയാണെങ്കിൽ പ്രസ്തുത ഗുണഭോക്താവിനെ പ്രതിമാസ തവണ തുകയുടെ തിരിച്ചടവിൽ നിന്നും ഒഴിവാക്കുന്നതുമാണ്. ഇങ്ങനെ നിക്ഷേപിക്കുന്നതുകയ്ക്ക് ബോർഡ് വർദ്ധിച്ച നിരക്കിലുള്ള പലിശ നൽകുന്നുണ്ട്. ഇങ്ങനെ സമാഹരിക്കപ്പെടുന്നതുക വിവിധ പദ്ധതികളുടെ നടത്തിപ്പിനായി വിനിയോഗിക്കുന്നു. ബാങ്കുകളിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ചിട്ടില്ല.

**110 (2488) രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സ്**

ശ്രീ. ബി വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സുകളിൽ "എ" ടൈപ്പിനും "ബി" ടൈപ്പിനും അലോട്ട്മെന്റ് നടത്തുന്നതിന്റെ മാനദണ്ഡം എന്താണെന്ന് അറിയിക്കുമോ;

(ബി) ഈ മാനദണ്ഡം അനുസരിച്ച് അർഹതയില്ലാത്ത ആരെല്ലാം 'എ' ടൈപ്പ് ഫ്ളാറ്റുകളിൽ താമസിക്കുന്നു; അർഹത ഉണ്ടായിട്ടും 'എ' ടൈപ്പ് ഫ്ളാറ്റുകൾ ലഭിക്കാതെ 'ബി' ടൈപ്പ് ഫ്ളാറ്റുകളിൽ താമസിക്കുന്നവർ ആരെല്ലാം;

(സി) അനർഹരായിട്ടും 'എ' ടൈപ്പിൽ താമസിക്കുന്നവരെ ബി ടൈപ്പിലേക്ക് മാറ്റി അർഹതയുള്ളവർക്ക് 'എ' ടൈപ്പ് അനുവദിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ഇവിടെ എത്രപേർ 'ഡി' ടൈപ്പ് ഫ്ളാറ്റുകളിൽ നിന്നും 'എ' ടൈപ്പ് ഫ്ളാറ്റുകളിലേയ്ക്ക് താമസം മാറ്റിയിട്ടുണ്ട്; ഇവർ ആരൊക്കെയാണ്;

(ഇ) ഇവർ ഇതിലേയ്ക്ക് എന്തെല്ലാമാണ് അപേക്ഷകൾ ബന്ധപ്പെട്ട വർക്ക് നൽകിയിരുന്നത്; ഇവർക്ക് പ്രസ്തുത മാനദണ്ഡം അനുസരിച്ചാണോ 'എ' ടൈപ്പ് ഫ്ളാറ്റുകൾ നൽകിയിട്ടുള്ളത്; ഇല്ലെങ്കിൽ കാരണമെന്ത്;

(എഫ്) 36/440 -ാം ഫ്ളാറ്റിലെ അലോട്ടി ഫ്ളാറ്റ് ഒഴിഞ്ഞ സമയത്ത് 29/300-ാം ഫ്ളാറ്റിൽ താമസിച്ചിരുന്നയാൾ അനധികൃതമായി താക്കോൽ വാങ്ങി പ്രസ്തുത ഫ്ളാറ്റിലേക്ക് മാറി താമസിക്കുകയുണ്ടായോ; പിന്നീട് ഇപ്രകാരം മാറി താമസം തുടങ്ങിയശേഷം ഫ്ളാറ്റ് അയാൾക്ക് അലോട്ട് ചെയ്തു കൊടുക്കുകയുണ്ടായോ;

(ജി) ഇപ്രകാരം 36/440-ാം നംപർ ഫ്ളാറ്റ് അലോട്ട് ചെയ്തു കൊടുത്തത് എന്തടിസ്ഥാനത്തിലാണ്; ഇങ്ങനെ അലോട്ട് ചെയ്തു കൊടുത്തത് ആരാണ്;

(എച്ച്) ഇവിടെ 16/180-ാം നംപർ ഫ്ളാറ്റ് അനുവദിച്ചുകിട്ടിയ വ്യക്തി എത്ര വർഷമായി വിദേശത്ത് ജോലിയിലിരിക്കുന്നു;

(ഐ) വിദേശത്ത് ജോലി ചെയ്ത് താമസിക്കുന്ന 14/180-ാം നംപർ ഫ്ളാറ്റിന്റെ അലോട്ടിയെ പ്രസ്തുത ഫ്ളാറ്റിൽ നിന്ന് ഇതേവരെ ഒഴിവാക്കാത്തത് എന്തു കൊണ്ടാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രീ റിവൈസ്ഡ് സ്കെയിലിൽ 1520 രൂപ മുതൽ അടിസ്ഥാന ശമ്പളം വാങ്ങുന്നവർക്ക് 'എ' ടൈപ്പ് ക്വാർട്ടേഴ്സിന് അർഹതയുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 'എ' ടൈപ്പു ക്വാർട്ടേഴ്സിന് അർഹതയുള്ളവർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്ന സമയത്ത് 'ബി' ടൈപ്പ് ക്വാർട്ടേഴ്സ് മാത്രമേ ഒഴിഞ്ഞിട്ടുള്ളതെങ്കിൽ 'ബി' ടൈപ്പ് ക്വാർട്ടേഴ്സ് അനുവദിച്ചുകൊടുക്കാറുണ്ട്. (റൂളിൽ വ്യവസ്ഥയുള്ളത് കൊണ്ട്) 'എ' ടൈപ്പിന് അർഹതയുണ്ടായിട്ടും ബി ടൈപ്പ് ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നവർക്ക് 'എ' ടൈപ്പ് ക്വാർട്ടേഴ്സ് ലഭിക്കുന്നതിന് പ്രത്യേക അപേക്ഷ സമർപ്പിക്കുന്ന പക്ഷം അപേക്ഷകരുടെ സിനിയോറിറ്റി അനുസരിച്ച് 'എ' ടൈപ്പ് ക്വാർട്ടേഴ്സ് അനുവദിച്ചു നൽകിവരുന്നു.

(ഡി) ഇരുപത്തിരണ്ടുപേർ

(1.) എം.പി. അലിം
(2) പി.എം. ഇബ്രാഹിംകുട്ടി
(3) സി. ശശികുമാരൻ നായർ

LIBRARY ARCHIVES Kerala Legislative Assembly

(4) വി. ശാന്തകുമാരൻ
(5) ആർ. രാമചന്ദ്രൻ
(6) പി. രാഘവൻ
(7) എം.ആർ വിലാസിനി
(8) കരിമുള്ളഖാൻ
(9) എൽ. അശോകൻ
(10) ജി. സുബ്രമണ്യവാര്യർ
(11) വി. സരസ്വതി
(12) എം. അബ്ദുൾകലാം
(13) കെ.പി ചന്ദ്ര പ്രകാശ്
(14) കെ. വനജാക്ഷൻ
(15) പി. മേരിക്കുട്ടി
(16) ഇ. ഹുസൈനാബീവി
(17) കെ. അശോക് കുമാർ
(18) മാധവിക്കുട്ടി
(19) ബി. രവി
(20) കെ. പവിത്രൻ
(21) പി. ചന്ദ്രശേഖരൻ
(22) വി.സി. രാജമ്മ.

(ഇ) ഇവർ മാറ്റത്തിനായി ഗവൺമെന്റിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ക്വാർട്ടേഴ്സ് അലോട്ട്മെന്റ് ചട്ടപ്രകാരം ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള അധികാരമുപയോഗിച്ച് പ്രത്യേക ഉത്തരവു പ്രകാരമാണ് ഇവർക്ക് 'എ' ടൈപ്പ് ക്വാർട്ടേഴ്സ് നല്കിയിട്ടുള്ളത്.

(എഫ്)&(ജി) 36/440-ാം നമ്പർ ഫ്ളാറ്റിൽ താമസിച്ചിരുന്ന ആൾ ഫ്ളാറ്റ് ഒഴിഞ്ഞ മുറയ്ക്ക്, സർക്കാരിൽ നിന്ന് പ്രത്യേക ഉത്തരവ് പ്രകാരം പ്രസ്തുത ക്വാർട്ടേഴ്സ് അനുവദിച്ചു കിട്ടിയ വ്യക്തിക്ക് ക്വാർട്ടേഴ്സ് അനുവദിക്കുകയാണുണ്ടായത്.

(എച്ച്)&(ഐ) 16/180-ാം നമ്പർ ഫ്ളാറ്റ് അനുവദിച്ച് കിട്ടിയ വ്യക്തി വിദേശത്ത് ജോലി നോക്കിയിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**111 (2489) പെൻഷനായതിനുശേഷം ക്വാർട്ടേഴ്സിൽ തുടരുന്നവർ**

ശ്രീ. ബി.വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സിൽ പെൻഷൻ പറ്റിയതിന് ശേഷം താമസം തുടരുവാനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) ഇതിന് വിരുദ്ധമായി നിയമാനുസൃതമായ അനുവാദമില്ലാതെ പെൻഷൻ പറ്റിയതിനുശേഷം രണ്ടും മൂന്നും വർഷം കഴിഞ്ഞവർ പ്രസ്തുത ക്വാർട്ടേഴ്സിലെ ഫ്ളാറ്റുകളിൽ തുടരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ ഒഴിപ്പിച്ച് അർഹരായ ജീവനക്കാർക്ക് പ്രസ്തുത ഫ്ളാറ്റുകൾ അലോട്ടു ചെയ്യാൻ നടപടി കൈക്കൊള്ളുമോ;

LIBRARY ARCHIVES Kerala Legislative Assembly